കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്ത് - 2005-06 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.17 – കേരളോത്സവം - അലോട്ട്മെന്റിലും അധികം ചെലവഴിച്ച തുകയായ 78,844/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ.(സാധാ)നം.2922/12/തസ്വഭവ. തിരുവനന്തപുരം, തീയതി:19.10.2012

പരാമർശം:

1. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 12.03.12-ൽ കൂടിയ ജനറൽ കമ്മിറ്റിയുടെ 8-ാം നമ്പർ തീരുമാനം.
2. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.03.12-ലെ ഡി3-3448/07/സി2 നമ്പർ കത്ത്.
3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19.09.12-ലെ എൽ.എഫ് 9161/പി.റ്റി1/12-ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2005 വർഷത്തെ കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് അലോക്കേഷനും സർക്കാർ അലോട്ട്മെന്റും അധികരിച്ച് 78,844/- (എഴുപത്തി എണ്ണായിരത്തി എണ്ണൂറ്റി നാൽപ്പത്തി നാല് രൂപ മാത്രം) രൂപ ചെലവഴിച്ചത് ജില്ലാ പഞ്ചായത്തിന്റെ 2005-06 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം തടസ്സപ്പെടുത്തുകയും പ്രസ്തുത അധിക ചെലവിന് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങുകയോ തുക തിരിച്ചടക്കുകയോ ചെയ്യേണ്ടതാണെന്ന് ഓഡിറ്റിൽ പരാമർശിക്കുകയും ചെയ്തിരുന്നു.

സംസ്ഥാനതല കേരളോത്സവം സംഘടിപ്പിക്കുമ്പോൾ സാങ്കേതികം ഉൾപ്പെടെ പല കാരണങ്ങൾ കൊണ്ടും ചെലവ് ഉദ്ദേശിക്കുന്ന രീതിയിൽ പരിമിതപ്പെടുത്താനാവില്ലെന്നും, ഭക്ഷണം, മൈക്ക് സെറ്റ്, ശബ്ദവും വെളിച്ചവും, യാത്രാബത്ത , സമ്മാന വിതരണം, ഗതാഗതം തുടങ്ങിയ ഇനങ്ങളിൽ ചെലവ് വളരെ ക്രമീകരിച്ചിട്ടും അധികരിച്ചതുമെല്ലാം സംസ്ഥാന യുവജനക്ഷേമ ബോർഡ് അനുവദിച്ച തുകയിലും അധികമാകാനുള്ള കാരണങ്ങളായെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ സാധൂകരണം തേടണമെന്നും ജില്ലാ പഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സാധൂകരണത്തിനായി പരാമർശം (2) മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2005-06 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.17-ൽ 78,844/- രൂപ അധികം ചെലവഴിച്ചത് ആധികാരികമായ ഉപവൗച്ചറുകൾ സഹിതം ക്രമപ്പെടുത്തിയിട്ടില്ലെങ്കിലും മറുപടിയുടെ പശ്ചാത്തലത്തിൽ പൊതുപണം കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത കാണിക്കേണ്ടതാണെന്ന താക്കീത് നൽകി സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ജില്ലാ പഞ്ചായത്ത് തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ്

ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2005-06 വർഷത്തെ, ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരംതടസ്സപ്പെടുത്തിയ, സംസ്ഥാനതല കേരളോത്സവത്തിന് അധികരിച്ച് 78,844/- രൂപ ചെലവഴിച്ച പഞ്ചായത്തിന്റെ നടപടിക്ക് പൊതുപണം കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത ഉണ്ടാകണമെന്ന താക്കീതോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്, കോട്ടയം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂസ് മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം., പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.